ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ, അഡ്ഹോക്ക് വേക്കൻസികളിലായി, നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 1270 പേർ ജോലി ചെയ്തുവരുന്നു.

(ബി) ബിവറേജസ് കോർപ്പറേഷനിൽ 212 സ്ഥിരം ജീവനക്കാരും, ലേബലിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന 45 ജീവനക്കാരുമുണ്ട്. ബിവറേജസ് കോർപ്പറേഷനിലെ ഒഴിവുകൾ ജില്ലാ അടിസ്ഥാനത്തിലുള്ളതല്ല. എന്നിരുന്നാലും, നിലവിലെ സ്ഥിതി അനുസരിച്ച് ജില്ല തിരിച്ചുള്ള സ്ഥിരം ജീവനക്കാരുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ ജില്ലയിലെ ചെത്ത്-മദ്യവ്യവസായ തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധി

107 (1070) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ചെത്ത്-മദ്യവ്യവസായ തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിസന്ധി പരിഹരിക്കുന്നതിനായി, എക്സൈസ് കമ്മീഷണർ, 17-12-2010-ൽ ലൈസൻസികളുടേയും ട്രേഡ് യൂണിയനുകളുടേയും യോഗം വിളിച്ചു ചേർത്തെങ്കിലും ലൈസൻസികൾ ഷാപ്പ് തുറക്കാൻ തയ്യാറായില്ല. ഇതേ തുടർന്ന് ടി ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്ത് ഡിഎം. വ്യവസ്ഥയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചതിൽ 3 ഗ്രൂപ്പുകൾ ഒഴികെയുള്ള മറ്റ് ഗ്രൂപ്പുകൾ ഏറ്റെടുക്കാൻ ആരും മുന്നോട്ട് വരികയുണ്ടായില്ല. അതിനാൽ ടി കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾക്ക് വ്യവസ്ഥകളിൽ ഇളവ് വരുത്തി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ചെത്ത് തൊഴിലാളി പെൻഷനുവേണ്ടി നൽകിയ അപേക്ഷ

108 (1071) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എത്രപേർക്കാണ് ചെത്തുതൊഴിലാളി പെൻഷൻ നൽകിവരുന്നതെന്നറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly